(ബി) എങ്കിൽ ഇതിന്റെ എസ്റ്റിമേറ്റ് തുകയും വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(സി) ഇതിന്റെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ അവാർഡ് തുകയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ 'വാഴയൂർക്കയം' നന്നാക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക 95 ലക്ഷം രൂപയാണ്.

(സി&ഡി) ഭരണാനുമതിക്കുവേണ്ടി വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

108 (558) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ ഈ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പിന്റെ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്ന വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിലുള്ള പ്രവൃത്തികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി (I,II) ചേർത്തിട്ടുണ്ട്.*

ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട് I)-ന്റെ കീഴിലുള്ള പ്രവൃത്തികളെ കുറിച്ചുള്ള വിവരങ്ങൾ അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.*

ജലനിധിയുടെ കീഴിൽ പനങ്ങാട് പഞ്ചായത്തിൽ 24 ഗുണഭോക്തൃ സമിതികളിലായി 830 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിച്ചിട്ടുണ്ട്.

കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കളത്തൂർ, നന്മണ്ട ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ വിവരം അനുബന്ധം-IV ആയി ചേർത്തിട്ടുണ്ട്. അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, പനങ്ങാട് പഞ്ചായത്തുകൾ വടകര ഡിവിഷന്റെ പരിധിയിൽ വരുന്നതാണ്. അത്തോളി പഞ്ചായത്തിൽ പുല്പിലാമല കുടിവെള്ള പദ്ധതിക്കുവേണ്ടി കുഴൽകിണർ കുഴച്ച് പമ്പ്സെറ്റ് സ്ഥാപിക്കുവാനുള്ള പ്രവൃത്തി പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. ഉള്ള്യേരി പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ കുടിവെള്ള പദ്ധതിയായ കിഴക്കെ അരുമ്പമല കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly